**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3308** **11-03-2025 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമ പ്രകാരമുള്ള പട്ടികയിലുൾപ്പെടുത്തിയ വിവിധ തൊഴിൽ മേഖലകൾക്കാണ് മിനിമം വേതനം നിശ്ചയിക്കുന്നത്. ഇപ്രകാരം 87 തൊഴിൽ മേഖലകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ചു വരുന്നതുമാണ്. എന്നാൽ, അസംഘടിത മേഖലയ്ക്കായി പ്രത്യേകം മിനിമം വേതനം നിശ്ചയിച്ചിട്ടില്ല.<br><br>സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളിൽ ആയത് ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. സി.ഐ.എസ് മുഖേന ഷെഡ്യൂൾ ചെയ്ത് നടത്തുന്ന ഇൻസ്പെക്ഷനുകളിലും അല്ലാതെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന പരിശോധനകളിലും മിനിമം വേതനം ലഭ്യമാകുന്നു എന്നത് സംബന്ധിച്ച് ഉറപ്പ് വരുത്താറുണ്ട്. പരിശോധന സമയത്ത് മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്ക് ആയത് നൽകുന്നതിന് നോട്ടീസ് നൽകുകയും തുടർന്നും നൽകാതിരിക്കുന്ന തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ, തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) മുഖേന തൊഴിലാളികൾക്കും ശമ്പളം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തുന്നതിനാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സ്ഥാപനത്തിൽ നേരിട്ട് പരിശോധന നടത്താതെ തന്നെ മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നു എന്നത് ഉറപ്പു വരുത്തുവാൻ സാധിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ മേഖലയിൽ സംസ്ഥാനത്തെ മിനിമം കൂലി എത്രയെന്ന് അറിയിക്കാമോ? | (ബി) | അസംഘടിത മേഖലയ്ക്കായി പ്രത്യേക മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. ഒരു മേഖലയിലും പൊതുവായി ഒരു മിനിമം വേതനമല്ല വിജ്ഞാപനം ചെയ്തിട്ടുള്ളത്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളിൽ, മേഖലയിലെ ഓരോ വിഭാഗങ്ങൾക്കും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടിസ്ഥാന വേതനത്തോടൊപ്പം വ്യത്യസ്ത രീതിയിലുള്ള ക്ഷാമബത്തയും കൂടി ചേരുന്നതാണ് മിനിമം വേതനം. സംസ്ഥാനത്തെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന വ്യത്യസ്ത ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത നിശ്ചയിക്കുന്നത്. ആയതിനാൽ, സംസ്ഥാനത്തെ ഓരോ ജില്ലകളിലും വേരിയബിൾ ഡി.എ നിരക്ക് വ്യത്യസ്ത ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തവുമാണ്.<br><br>വിവിധ വിഭാഗം തൊഴിൽ മേഖലകളുടെ മിനിമം വേതന വിജ്ഞാപനങ്ങൾ ലേബർ കമ്മീഷണറേറ്റിന്റെ വെബ്സൈറ്റിൽ (https://lc.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ